**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും നിലവിൽ കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡിന്റെ പേർക്ക് തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റം വരുത്തിയതുമായ ഭൂമിയുടെ ഭൂനികുതികുടിശ്ശിക ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.**1838/2025/RD** തീയതി,തിരുവനന്തപുരം, **04-08-2025**

---

പരാമർശം:-
1. ബഹു. നാഷണൽ കമ്പനി ലോ ട്രിബ്യുണലിന്റെ **29-01-2021**-ലെ ഉത്തരവ്.
2. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് സ്പെഷ്യൽ ഓഫീസറുടെ **15-07-2024**-ലെ **KPPL/SO/IND/06/2024** നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ **22-10-2024**-ലെ **LR/7685/2024-LR(B9)** നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വെള്ളൂർ, മുളക്കുളം വില്ലേജുകളിലായി, പൂട്ടിപ്പോയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും നിലവിൽ കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡിന്റെ പേർക്ക് തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റം വരുത്തിയതുമായ **690.78** ഏക്കർ ഭൂമിയുടെ, **2021-22** സാമ്പത്തിക വർഷം വരെയുള്ള ഭൂനികുതികുടിശ്ശികയായ **₹6,44,385/-** *(ആറു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റി എൺപത്തിയഞ്ച് രൂപ)* ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് സ്പെഷ്യൽ ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ ഏറ്റെടുത്ത നടപടി ബഹു. നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ സൂചന(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ നടപടിക്രമങ്ങൾ പാലിച്ചാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കേവലം ഉടമസ്ഥാവകാശക്കൈമാറ്റം മാത്രമല്ല നടന്നിട്ടുള്ളതെന്നും ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം

മുൻപുണ്ടായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ നിയമപരമായ ബാധ്യതകളെല്ലാം തീർപ്പായതായി കണക്കാക്കേണ്ടതാണെന്നും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

**3.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു. ലോ ട്രിബ്യൂണലിന്റെ ഉത്തരവ് തീയതിയായ **29.01.2021** ***(effective date)*** മുതൽ, പൂട്ടിപ്പോയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കാലയളവിലെ നികുതി ഉൾപ്പെടെയുള്ള സർക്കാർ ക്ലയിമുകൾ പൂർണ്ണമായും അവസാനിക്കുകയും തീർപ്പാക്കുകയും ചെയ്യും എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ , പരാമർശം **(1)**-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും നിലവിൽ കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡിന്റെ പേർക്ക് തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റം വരുത്തിയതുമായ **690.78** ഏക്കർ ഭൂമിയുടെ, **2021-22** സാമ്പത്തിക വർഷം വരെയുള്ള ഭൂനികുതികുടിശ്ശികയായ **₹6,44,385/-** (*ആറു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റി എൺപത്തിയഞ്ച് രൂപ)* ഒഴിവാക്കി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. **(EXP-D3/120/2024- FIN (2965843)** നമ്പർ ഫയൽ പ്രകാരം)
വ്യവസായ വകുപ്പ് ( **IND-G1/134/2024-IND** നമ്പർ ഫയൽ പ്രകാരം)
വിവരപൊതുജന സമ്പർക്ക ( വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sujith. G. R
Date: 05-08-2025 10:54:37
സെക്ഷൻ ഓഫീസർ